"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേളയുടെ നടത്തിപ്പിന് ഇടുക്കി ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2023/2023/LSGD തീയതി,തിരുവനന്തപുരം, 13-10-2023

---

പരാമർശം:- 1. ജനറൽ കൺവീനർ, അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള സമർപ്പിച്ചിരിക്കുന്ന 08.09.2023 - തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ വെച്ച് 2023 നവംബർ മാസം ആദ്യ ആഴ്ചയിൽ നടക്കുന്ന അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള നടത്തുന്നതിന് ആവശ്യമുള്ള 18 ലക്ഷം രൂപ കണ്ടെത്തുന്നതിന് മുൻ വർഷങ്ങളിൽ സംസ്ഥാന ശാസ്ത്ര മേളക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിച്ചതുപോലെ ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10000/- രൂപ വീതവും മേള നടക്കുന്ന അടിമാലി ഗ്രാമ പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപയും പ്രത്യേക അനുമതിയിലൂടെ അനുവദിക്കണം എന്ന് സാങ്കേതിക മേളയുടെ ജനറൽ കൺവീനർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 നവംബർ മാസം ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ വച്ച് നടക്കുന്ന സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര സാങ്കേതിക മേളയുടെ സംഘാടനത്തിനായി ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10000/- രൂപ വീതവും മേള നടക്കുന്ന അടിമാലി ഗ്രാമ പഞ്ചായത്തിൽ നിന്നും ഒരുലക്ഷം രൂപയും തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനസഹായം നൽകുന്ന തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് ഫണ്ടിന്റെ ധനവിനിയോഗ സാക്ഷ്യ പത്രം സംഘാടക സമിതി കൺവീനർ നൽകേണ്ടതും കൂടാതെ ഇപ്രകാരം അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് വിധേയമായിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അരുൺ മേനോൻ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജനറൽ കൺവീനർ, അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ullas Krishnan S
Date: 13-10-2023 12:50:28
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.
ബഹു. ദേവികുളം എം എൽ എ യുടെ പി എയ്ക്ക്.